**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** **15-03-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ സിലബസ് പരിഷ്കരണത്തിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (എ) | കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസ്സസ്സിംഗ് സിലബസ് പരിഷ്കരണ ജോലികളിൽ വെരിഫിക്കേഷൻ സ്റ്റേജിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സിലബസ് പരിഷ്കരണത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ചിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | പ്രസ്തുത സിലബസ് പരിഷ്കരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് പറയാമോ; | (ബി) | കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസ്സസ്സിംഗ് സിലബസ് പരിഷ്കരണ ജോലികളിൽ വെരിഫിക്കേഷൻ സ്റ്റേജിലുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സിലബസ് പരിഷ്കരണത്തിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ചിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | കേന്ദ്ര സർവ്വീസിലെ ചില നിയമനങ്ങൾക്ക് ഹിന്ദി കമ്പ്യൂട്ടർ ടൈപ്പ് റൈറ്റിംഗ് ആവശ്യമുള്ളതിനാൽ കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംങ് പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ് കൂടെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; അടുത്ത പരീക്ഷയുടെ വിജ്ഞാപനത്തിൽ ഇത് ഉൾപ്പെടുത്തുവാൻ സാധിക്കുമോ; | (സി) | നിലവിൽ ഹിന്ദി ടൈപ്പ്റൈറ്റിംഗ് പരീക്ഷ മാത്രമാണ് നടത്തി വരുന്നത്. കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംങ് പരീക്ഷയിൽ ഹിന്ദി വേഡ് പ്രോസസ്സിംഗ് കൂടെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല. |
| (ഡി) | പുതിയ സിലബസ് എന്നുമുതൽ പ്രാബല്യത്തിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സിലബസ് പരിഷ്കരണ പ്രവർത്തികൾ പൂർത്തീകരിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ലഭ്യമായ ശേഷം സർക്കാർ തലത്തിൽ പരിശോധിച്ച് നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ